## പതിമൂന്നാം കേരള നിയമസഭ
## ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3030 — 20.12.2012 ലെ മറുപടിയ്ക്ക്

### പാട്ടഭൂമിയിലെ മരങ്ങൾ

**ചോദ്യം**

ശ്രീവി.എസ്.സുനിൽ കുമാർ
ശ്രീ.ചിറ്റയം ഗോപകുമാർ
ശ്രീമതി. ഇ.എസ്.ബിജിമോൾ
ശ്രീമതി.ഗീതാ ഗോപി

**ഉത്തരം**

ശ്രീ. അടൂർ പ്രകാശ്
(റവന്യൂവും കയറും വകുപ്പ് മന്ത്രി )

| | | | |
|---|---|---|---|
| | തണ്ണീർ തടങ്ങൾ നികത്തുന്നതിനും പാട്ടഭൂമിയിലെ മരങ്ങൾ മുറിക്കുന്നതിനും അനുമതി നൽകിയിട്ടുണ്ടോ ; എങ്കിൽ എവിടെയെല്ലാം അനുമതി നൽകി എന്ന് വ്യക്തമാക്കാമോ ? | | തണ്ണീർത്തടങ്ങൾ നികത്തുന്നതിന് സംസ്ഥാനത്ത് ഒരു ജില്ലയിലും റവന്യു വകുപ്പിൽ നിന്നും അനുമതി നൽകിയിട്ടില്ല.<br><br>തൃശ്ശൂർ താലൂക്ക് ഒല്ലൂർ വില്ലേജ് സർവ്വേ നം.32/2ൽ ഉൾപ്പെട്ട 23 സെന്റ് പാട്ടഭൂമിയിലെ നാല് മരങ്ങൾ മരവിലയായ 450/- രൂപ അടച്ച് മുറിക്കുന്നതിനായി ഒല്ലൂർ ECHS പോളിക്ളിനിക്ക് 'എന്ന സ്ഥാപനത്തിന് അനുമതി നൽകിയിട്ടുണ്ട്. മുകന്ദപുരം താലൂക്കിലെ ചാലക്കുടി വനം ഡിവിഷനു കീഴിൽ വരുന്ന ഹാരിസൺ മലയാളം ലിമിറ്റഡിന്റെ പാട്ടഭൂമിയിലുള്ള റബ്ബർ മരം മുറിയ്ക്കുന്നതിന് കേരളാ ഹൈക്കോടതിയിൽ സർക്കാർ ഫയൽ ചെയ്ത ഒ.പി.(സി).3508/11-ാം നമ്പർ റിട്ട് പെറ്റീഷനിൽ 27.11.2012-ാം തീയതിയിലെ ഇടക്കാല ഉത്തരവ് പ്രകാരം ബഹു;ഹൈകോടതി നിബന്ധനകൾക്ക് വിധേയമായി അനുമതി നൽകിയിട്ടുണ്ട്. തലപ്പിള്ളി താലൂക്കിലെ ചെറുതുരുത്തി വില്ലേജ് സർവ്വേ 313/2-ൽ ഉൾപ്പെട്ട നാഷണൽ പഞ്ചകർമ്മ ഇൻസ്റ്റിറ്റ്യൂട്ട് എന്ന സ്ഥാപനത്തിന് ലീസിനു നൽകിയിട്ടുള്ള ഭൂമിയിൽ അപകടാവസ്ഥയിൽ നിൽക്കുന്ന മരങ്ങൾ മുറിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്.<br><br>തൃശ്ശൂർ ജില്ല ഒഴികെ സംസ്ഥാനത്തെ മറ്റു ജില്ലകളിൽ പാട്ട ഭൂമിയിലെ മരങ്ങൾ മുറിയ്ക്കുന്നതിന് അനുമതി നൽകിയിട്ടില്ല. |

Rajeev

സെക്ഷൻ ഓഫീസർ